**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2538** **15-10-2024 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുരപ്പുറ സോളാർ പദ്ധതി ആലപ്പുഴ മണ്ഡലത്തിൽ വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പുരപ്പുറ സോളാർ പദ്ധതി മണ്ഡലങ്ങൾക്ക് അതീതമായി സംസ്ഥാനത്തൊന്നാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br><br>സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് ഏറ്റെടുത്തു നടപ്പിലാക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിന് 10% ധനസഹായം അനെർട്ട് നൽകുന്നുണ്ട്.<br><br>നിലവിൽ പി.എം.സൂര്യ ഘർ പദ്ധതി വഴി മാത്രമാണ് ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡിയോടുകൂടി പുരപ്പുറ സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു നൽകുന്നത്.<br><br>ഈ പദ്ധതി പ്രകാരം റസിഡൻഷ്യൽ റൂഫ്ടോപ്പ് സോളാറിനുള്ള കേന്ദ്ര സാമ്പത്തിക സഹായം (CFA) - 2 kW സിസ്റ്റങ്ങൾക്ക് സിസ്റ്റം ചെലവിന്റെ 60% ഉം 2 മുതൽ 3 kW വരെ ശേഷിയുള്ള സിസ്റ്റങ്ങൾക്ക് അധിക സിസ്റ്റം ചെലവിന്റെ 40 ശതമാനവും നൽകുന്നു. കേന്ദ്ര സാമ്പത്തിക സഹായം (CFA) 3 kW ആയി പരിമിതപെടുത്തിയിട്ടുണ്ട്. നിലവിൽ 1 kW സിസ്റ്റത്തിന് 30,000 രൂപയും 2 kW സിസ്റ്റങ്ങൾക്ക് 60,000 രൂപയും 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000 രൂപയുമാണ് സബ്സിഡി നൽകുന്നത്. നിലവിൽ 3 kW വരെയുള്ള റെസിഡൻഷ്യൽ RTS സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ഏകദേശം 7% ഈടില്ലാത്ത കുറഞ്ഞ പലിശ വായ്പ ലഭ്യമാണ്.<br><br>സ്കീമിന് കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് https://pmsuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിനായി വിതരണ രംഗത്തെ ട്രാൻസ്ഫോർമറുകളുടെ സോളാർ ഫീസിബിലിറ്റി 75%-ൽ നിന്നും 90% ആയി ഉയർത്തിയിട്ടുണ്ട്. 10 kW വരെ ഉള്ള സോളാർ പ്ലാന്റുകൾക്കു ഡീംഡ് ഫീസിബിലിറ്റി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തു സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന വെൻഡേഴ്സിന്റെ എംപാനൽമെന്റ് നടപടിക്രമങ്ങൾ വേഗത്തിലാക്കിയിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്താകെ ഇതിനായി 859 വെണ്ടേഴ്സ് നിലവിലുണ്ട്. സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലെ സങ്കീർണതകൾ ലഘൂകരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും സോളാർ വേണ്ടെഴ്സിനും കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിങ് പ്രോഗ്രാം നടത്തുന്നുണ്ട്. ഇപ്പോൾ നടപ്പിലാക്കി വരുന്ന പ്രധാന മന്ത്രി സൂര്യ ഘർ മുഫ്ത് ബിജ്ലി യോജനയിൽ 30.09.2024 വരെ 30,290 പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കാര്യത്തിൽ ദേശീയ തലത്തിൽ കേരളം മൂന്നാം സ്ഥാനത്താണ്. ആലപ്പുഴ മണ്ഡലത്തിൽ മാത്രമായി ഇതുവരെ 'സൗര' പദ്ധതിയും 'പ്രധാന മന്ത്രി സൂര്യ ഘർ' പദ്ധതിയിലും ഉൾപ്പടെ 1732 സോളാർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഉചിതമായ ആനുകൂല്യങ്ങൾ നൽകി പദ്ധതിയുടെ ഉപഭോക്താക്കളാക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | MNRE സബ്സിഡിക്കു പുറമെ മറ്റു ആനുകൂല്യങ്ങൾ നൽകുന്നത് ഒന്നും ഇപ്പോൾ പരിഗണനയിലില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് സൗജന്യമായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിനായി അനെർട്ട് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് '**ഹരിത ഊർജ്ജ വരുമാന പദ്ധതി**'. ആലപ്പുഴ ജില്ലയിലുള്ള 163 ലൈഫ് മിഷൻ/ പുനർഗേഹം പദ്ധതി പ്രകാരം ലഭിച്ച വീടുകളിൽ സൗജന്യമായി 2 കിലോവാട്ട് വീതം ശേഷിയുള്ള പവർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി. ഈ പദ്ധതിക്കായി സംസ്ഥാന വിഹിതമായി ആകെ 1,72,49,312/- രൂപയും കേന്ദ്ര വിഹിതമായി ആകെ 47,55,688/- രൂപയും ചെലവഴിച്ചു. പദ്ധതി കൂടുതൽ കുടുംബങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ